ഹരിജനങ്ങളായ സാഹിത്യകാരൻമാരെ പ്രോൽസാഹിപ്പിക്കാൻ പദ്ധതി

* 635 [692] ശ്രീ. കല്ലട നാരായണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹരിജനങ്ങളായ സാഹിത്യകാരൻമാരെ പ്രോൽസാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത്;

(സി) ഈ പദ്ധതി അനുസരിച്ച് എത്ര പേർക്ക് സഹായധനം നൽകി;

(ഡി) സഹായധനം ലഭിച്ചവരുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ?

ഹരിജനക്ഷേമവും, സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) 1973.74-ൽ

(സി) 1977.78 വരെ 44 പേർക്ക് സഹായധനം നൽകി. 1978.79-ൽ 15 പേർക്ക് സഹായധനം നൽകാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(ഡി) വച്ചിട്ടുണ്ട്.*

ഡ്രൈവർമാർക്ക് റിഫ്രഷർ കോഴ്സ്

* 636 [693] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് കാലാകാലങ്ങളിൽ ട്രാഫിക് നിയമങ്ങളെപ്പറ്റി റിഫ്രഷർ കോഴ്സ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

ഇപ്പോഴും പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർമാർക്ക് പോസ്റ്റ് ചെയ്യുന്നതിനുമുൻപ് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം ട്രെയിനിംഗ് സെന്ററിൽ നിലവിലുണ്ട്. കൂടാതെ അപകടങ്ങളിൽപ്പെടുകയോ അശ്രദ്ധ കണ്ടുപിടിക്കപ്പെടുകയോ ചെയ്യുമ്പോഴും ബന്ധപ്പെട്ട ഡ്രൈവറൻമാരെ ''കറക്ടീവ് ട്രെയിനിംഗിന് വിധേയമാക്കാറുണ്ട്. ട്രാഫിക് നിയമങ്ങളെപ്പറ്റി ഡ്രൈവർമാർക്ക് റിഫ്രഷർ കോഴ്സുകൾ ക്രമമായി ഏർപ്പെടുത്തുന്ന കാര്യം കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly